# ഒക്കുപ്പേഷണൽ തെറാപ്പി: കേന്ദ്രനിയമം നടപ്പാക്കും- മന്ത്രി ആർ. ബിന്ദു

തിരുവനന്തപുരം ▸ കേന്ദ്ര ഗവൺമെന്റിന്റെ കൗൺസിൽ ഫോർ അലൈയ്ഡ് ആൻഡ് ഹെൽത്ത് കെയർ പ്രൊഫഷണൽ ആക്ട്സ് കേരളത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങദാം ഉടൻ ആരംഭിക്കുമെന്ന് മന്ത്രി ആർ.ബിന്ദു.

ലോക ഒക്കുപ്പേഷണൽ തെറാപ്പി ദിനത്തോടനുബന്ധിച്ച് ഓൾ ഇന്ത്യ ഒക്കുപ്പേഷണൽ തെറാപ്പി അസോസിയേഷൻ കേരള ചാപ്റ്റർ സംഘടിപ്പിച്ച ദിനാചരണം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

ഒക്കുപ്പേഷണൽ തെറാപ്പി രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചവർക്കുള്ള അവാർഡ് വിതരണവും മന്ത്രി നിർവഹിച്ചു. സീനിയർ ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ് ആനി ജോർജ് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡിന് അർഹയായി.

കേരള ഒക്കുപ്പേഷണൽ തെറാപ്പി അസോസിയേഷൻ രക്ഷാധികാരി മോൻസ് ജോസഫ് എം.എൽ.എ. അധ്യക്ഷത വഹിച്ചു.



▶ ഓൾ ഇന്ത്യ ഒക്കുപ്പേഷണൽ തെറാപ്പി അസോസിയേഷൻ കേരള ചാപ്റ്റർ സംഘടിപ്പിച്ച ഒക്കുപ്പേഷണൽ തെറാപ്പി ദിനാചരണം മന്ത്രി ആർ.ബിന്ദു ഉദ്ഘാടനം ചെയ്യുന്നു

ഇരിങ്ങാലക്കുട നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ചന്ദ്രബാബു, കേരള ഹെൽത്ത് സർവീസ് ഡിപ്പാർട്ട്മെന്റ് മുൻ അഡീഷണൽ ഡയറക്ടർ ടി.വി.വേലായുധൻ, തിരുവനന്തപുരം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ് ഒക്കുപ്പേഷണൽ തെറാപ്പി വിഭാഗം മേധാവി ഡോ. വിനീത് ഡാനി ജോസ്, കേരള ഒക്കുപ്പേഷണൽ തെറാപ്പി അസോസിയേഷൻ പ്രസിഡന്റ് ഡോ. ജോസഫ് സണ്ണി, സെക്രട്ടറി ഡോ.അനു ജോൺ എന്നിവർ സംസാരിച്ചു.

Scanned with CamScanner